# യൂണിറ്റ് 14: സ്കൂൾവിക്കി -മൂലരൂപം തിരുത്തൽ

മൂലരൂപം തിരുത്തൽ നടത്തുമ്പോൾ വളരെയേറെ ശ്രദ്ധിച്ചില്ലെങ്കിൽ, വിക്കി ടാഗുകളും കോഡുകളും നഷ്ടപ്പെടുകയോ മാറ്റം വരികയോ ചെയ്യാം. ഇങ്ങനെ പേജിന്റെ ഘടനതന്നെ മാറാം. കണ്ടുതിരുത്തൽ നടത്താവാത്ത സാഹചര്യത്തിൽ മാത്രമേ മൂലരൂപം തിരുത്തൽ നടത്തേണ്ടതുള്ളൂ.


{{PHSSchoolFrame/Header}}
{{Infobox School
|സ്ഥലപ്പേര്=ഒളവട്ടൂർ
|വിദ്യാഭ്യാസ ജില്ല=മലപ്പുറം
|റവന്യൂ ജില്ല=മലപ്പുറം
|സ്കൂൾ കോഡ്=18007
|എച്ച് എസ് എസ് കോഡ്=11254
|വി എച്ച് എസ് എസ് കോഡ്=
|വിക്കിഡാറ്റ ക്യൂ ഐഡി=Q64564659
|യുഡൈസ് കോഡ്=32050200515
|സ്ഥാപിതദിവസം=
|സ്ഥാപിതമാസം=
|സ്ഥാപിതവർഷം=1968
|സ്കൂൾ വിലാസം=OLAVATTUR
|പോസ്റ്റോഫീസ്=ഒളവട്ടൂർ
|പിൻ കോഡ്=673638
|സ്കൂൾ ഫോൺ=0483 2970370
|സ്കൂൾ ഇമെയിൽ=hiohsolt@gmail.com

*Infobox ൽ = ചിഹ്നത്തിനോ അതിന് മുൻപിലോ ഉള്ളയ്ക്ക് മാറ്റം സംഭവിക്കരുത്.*

1. ലോഗിൻ ചെയ്ത് മാറ്റം വരുത്തേണ്ട താളിലെത്തുക
2. മുകളിലുള്ള **മൂലരൂപം തിരുത്തുക** എന്നതിൽ ക്ലിക്ക് ചെയ്യുക.
3. ആവശ്യമായ മാറ്റങ്ങൾ നിങ്ങൾക്ക് ഇതിൽ വരുത്താവുന്നതാണ്.
4. **'പ്രിവ്യൂ കാണുക'** ക്ലിക്ക് ചെയ്ത് തങ്ങൾ വരുത്തിയ മാറ്റങ്ങൾ കാണുക.
5. മാറ്റങ്ങൾ തൃപ്തിപരമെങ്കിൽ 'സേവ് ചെയ്യുക' ക്ലിക്ക് ചെയ്ത് ലേഖനം സൂക്ഷിക്കുക.
6. **ഇൻഫോബോക്സ് തിരുത്തൽ നടത്തുമ്പോൾ പ്രത്യേകശ്രദ്ധ ആവശ്യമാണ്. = ചിഹ്നത്തിനോ അതിന് മുൻപിലോ ഉള്ളയ്ക്ക് മാറ്റം സംഭവിക്കരുത്.**

ടെക്സ്റ്റ് ഫോർമാറ്റിംങ് രീതികൾ:

- ഏതെങ്കിലും വാക്കുകൾ ''*ഇറ്റലിക്സിൽ*'' ആക്കണമെങ്കിൽ വാക്കിന്റെ ഇരുവശത്തും 2 അപൊസ്ട്രോഫികൾ വീതം നൽകുക.
- അപൊസ്ട്രോഫികൾ മൂന്നെണ്ണം വീതം നൽകിയാൽ '''**ബോൾഡാകും**'''.
- അപൊസ്ട്രോഫികൾ അഞ്ചെണ്ണം വീതം ഇരുവശത്തും നൽകിയാൽ '''''***ബോൾഡ് ഇറ്റാലിക്സിലാവും***'''''.
- ഇടവിടാതെ എഴുതിയാൽ ലേയൌട്ടിൽ മാറ്റമൊന്നും വരില്ല. തുടർച്ചയായി ഖണ്ഡിക ലഭിക്കും.

  എന്നാൽ ഒരുവരി ഇടവിട്ടാൽ
  അത് അടുത്ത പാരഗ്രാഫാകും. (ഖണ്ഡിക)

- ഖണ്ഡിക തിരിക്കാതെതന്നെ ഇപ്രകാരം <br>

ടാഗുപയോഗിച്ച് വരികൾ മുറിക്കാം.(പക്ഷേ, ഈ ടാഗ് ധാരാളമായി ഉപയോഗിക്കാതിരിക്കുക.)

- HTML ടാഗുകളുപയോഗിച്ചും ലേഖനങ്ങൾ ഫോർമാറ്റ് ചെയ്യാം.

ഉദാഹരണത്തിന് <b>ബോൾഡ്</b> ആക്കുക.

<u><u>അടിവരയിടുക</u>.</u>

സൂപ്പർ സ്ക്രിപ്റ്റ് <sup> $5^2$ </sup>

സബ്സ്ക്രിപ്റ്റ് <sub> $H_2$</sub>




***തലക്കെട്ടായി ചേർക്കുന്ന വാക്കിന് ഇരുപുറവും == (രണ്ട് സമ ചിഹ്നം) ചേർക്കാം***




***ടൂൾബാറിലെ സൗകര്യങ്ങളുപയോഗിച്ചും Bold, Italics തുടങ്ങിയവ ചെയ്യാം.***




***ടൂൾബാറിലെ സൗകര്യമുപയോഗിച്ചും തലക്കെട്ട് ചേർക്കാം***

# Click Here to see the Video Tutorial

---

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

---

പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.

ജില്ലയുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.

സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക